## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1854 — 21.01.2014-ലെ മറുപടിക്ക്

### സ്വകാര്യ ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും അനുവദിച്ച സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകളിൽ നിന്നും സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കാർ ഉത്തരവുകളിലൂടെ സ്വകാര്യ ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചിരുന്നോ ;<br>ബി) എങ്കിൽ ഏതെല്ലാം ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും എന്തു തുക വീതം ഏതൊക്കെ തീയതികളിൽ അനുവദിച്ചെന്ന് വിശദമാക്കാമോ ,<br>സി) ഈ തുക അനുവദിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ? | വിവിധ സ്ഥാപനങ്ങളും സംഘടനകളും അവരുടെ വിവിധ പരിപാടികളുടെ സംഘാടന ചെലവിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന അഭ്യർത്ഥിച്ച്കൊണ്ട് സർക്കാരിനെ സമീപിക്കാറുണ്ട്. അപേക്ഷയിലെ പൊതു ഉദ്ദേശലക്ഷ്യങ്ങൾ പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിന്മേൽ വ്യത്യസ്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള യഥേഷ്ടാനുമതി നൽകാറുണ്ട്. പ്രസ്തുത സംഭാവന നൽകുന്നതിന് അപേക്ഷകർ സ്വകാര്യ ട്രസ്റ്റാണോ ചാരിറ്റബിൾ സൊസൈറ്റിയാണോ യെന്നു സൂക്ഷ്മമായി പരിശോധിക്കാറില്ല. |

സെക്ഷൻ ഓഫീസർ